## വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(ഹാജർ:ബിന്ദുഗോപിനാഥ്)**

ഉത്തരവ് നം. DWCD/2144/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 08/07/2022

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - സംയോജിത ശിശു സംരക്ഷണ പദ്ധതി - ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് - ചൈൽഡ് വെൽഫെയർ കമ്മറ്റി - ജുവൈനൽ ജസ്റ്റിസ് ബോർഡ് - കാഷ്വൽ സ്വീപ്പർക്ക് വേതനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. ഈ കാര്യാലയത്തിലെ 24/10/2017 ലെ ICPS5/9174/18 നമ്പർ ഉത്തരവ്

2. ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 29/06/2022 ലെ . 1493/2021/DCPU/IDK നമ്പർ കത്ത്

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവൈനൽ ജസ്റ്റിസ് ബോർഡിൽ മേൽ പരാമർശം (1) ഉത്തരവ് പ്രകാരം കാഷ്വൽ സ്വീപ്പർ തസ്തികയിൽ നിയമനം നടത്തിയിരുന്നു. ടി തസ്തികയിൽ നിയമിച്ച ജീവനക്കാരിക്ക് 2021 മാർച്ച് മുതൽ 2022 ഫെബ്രുവരി വരെയുള്ള വേതന കുടിശ്ശികയും, 2022 മാർച്ച് മുതൽ 2022 ഓഗസ്റ്റ് വരെയുള്ള വേതനവും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പ്രസ്തുത അപേക്ഷ പരിഗണിച്ച് ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മറ്റി, ജുവൈനൽ ജസ്റ്റിസ് ബോർഡിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിക്ക് 2021 മാർച്ച് മുതൽ 2022 ഫെബ്രുവരി വരെയുള്ള വേതന കുടിശ്ശികയായ 21,917/-രൂപയും , പ്രതിമാസം 8000/- രൂപ നിരക്കിൽ 2022 മാർച്ച് മുതൽ 2022 ജൂൺ വരെ വേതനം ഇനത്തിൽ ആവശ്യമായ 32,000/-രൂപയും ചേർത്ത് ആകെ 53,917/-രൂപ (അൻപത്തി മൂവായിരത്തി തൊള്ളായിരത്തി പതിനേഴ രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

53,917/-രൂപ(അൻപത്തി മൂവായിരത്തി തൊള്ളായിരത്തി

പതിനേഴ രൂപ മാത്രം) സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിൻെറ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank-ൻെറ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിലെ ജെ.ജെ.ബി കണ്ടിജൻസി (12.05) കംപോണെൻറിൽ നിന്നും ഇടുക്കി ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതാണ്.വനിതാ ശിശു വികസന ഓഫീസർ തുക ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അലോട്ട്മെൻറ് ആയി അനുവദിച്ച് നൽകേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

<u>പകർപ്പ് :</u>

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഇടുക്കി
3. ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഇടുക്കി
4. ICPS 10
5. സ്റ്റോക്ക് ഫയൽ
6. വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്